# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2211 18/06/2013- ൽ മറുപടിക്ക്

## മാർജിൻമണി വായ്പയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പാലോട് രവി<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വ്യവസായ വകുപ്പിൽ നിന്ന് നൽകുന്ന മാർജിൻമണി വായ്പയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വ്യവസായ വകുപ്പിൽ നിന്ന് നൽകുന്ന മാർജിൻ മണി വായ്പയ്ക്ക് തിരിച്ചടവിനായി 06.05.2013-ലെ സർക്കാർ ഉത്തരവ് (സാധാ) നം.620/13/വ്യവ. പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഒരിക്കൽ കൂടി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് 06.05.2013 മുതൽ മൂന്ന് മാസം കാലാവധി ഉണ്ടായിരിക്കുന്നതാണ്. |
| (ബി) | ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം: | (ബി) | ചെറുകിട വ്യവസായ സംരംഭകർക്ക് തങ്ങളുടെ മാർജിൻ മണി വായ്പാ കുടിശ്ശിക ഇളവുകളോടുകൂടി തീർപ്പാക്കുന്നതിനായാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. സ്ഥാപനത്തിന്റേയും ഉടമയുടേയും നിലവിലെ അവസ്ഥ കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ആറ് കാറ്റഗറികളിൽ ഉൾപ്പെടുത്തി സ്ഥാപനത്തിന്റെ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നു. കൂടാതെ സർക്കാരിന് കിട്ടാനുള്ള തുക വേഗം പിരിഞ്ഞു കിട്ടുവാൻ ഈ പദ്ധതി പ്രയോജനപ്പെടുന്നു. |
| (സി) | ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | വായ്പ തിരിച്ചടവ് കാലാവധി കഴിഞ്ഞ എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. |

(ഡി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഈ സംവിധാനം വഴി ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ആറു കാറ്റഗറികളിൽ ഉൾപ്പെടുത്തി സ്ഥാപനങ്ങളുടെ മാർജിൻ മണി വായ്പ – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന തീർപ്പാക്കുന്നു.
വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

**കാറ്റഗറി- I:**

കടിശ്ശികക്കാരൻ/ഉടമ, മരണപ്പെടുകയും, യൂണിറ്റിന് ആസ്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ മുതൽ, പലിശ, പിഴപ്പലിശ എന്നിവ പൂർണ്ണമായി ഒഴിവാക്കും.

**കാറ്റഗറി- II:**

സ്ഥാപനം നിലവിലില്ലെങ്കിലും ആസ്തികൾ ഇല്ലെങ്കിലും പലിശയും, പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കും.

**കാറ്റഗറി- III:**

വായ്പ എടുത്തയാൾ മരിച്ചുപോകുകയും എന്നാൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട് എങ്കിൽ പലിശ, പിഴപ്പലിശ എന്നിവയുടെ 50% ഒഴിവാക്കും

**കാറ്റഗറി- IV:**

കഴിഞ്ഞ 3 വർഷമായി നഷ്ടത്തിലും സഞ്ചിതമൂല്യം നെഗറ്റീവായി പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾക്ക് പലിശ, പിഴപ്പലിശ എന്നിവയുടെ 50% ഒഴിവാക്കും.

**കാറ്റഗറി- V:**

സ്ഥാപനം പ്രവർത്തന രഹിതമാകുകയും പിന്നീട് SURP പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതും 31.03.12 മുതൽ തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കുന്നതുമാണെങ്കിൽ മുതലിന്റെ 50% മൂന്ന് തുല്യ തവണകളായി ഒരു വർഷത്തിനുള്ളിൽ അടയ്ക്കണം ശേഷിക്കുന്ന 50% 2 വർഷത്തിനു ശേഷം. പലിശയും പിഴപ്പലിശയും ഒഴിവാക്കും.

**കാറ്റഗറി- VI:**

പ്രവർത്തനം പൂർണ്ണമായും നിലച്ച യൂണിറ്റിന് പലിശ, പിഴപ്പലിശ എന്നിവയുടെ 50% ഒഴിവാക്കും.

സെക്ഷൻ ഓഫീസർ